## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.507 29.11.2018-ൽ മറുപടിക്ക്

### ജി.എസ്.ടി.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ കെ.സി. ജോസഫ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനും,നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കിയ നടപടികൾ എന്തൊക്കെയാണ്; | (എ) | 2018-19 സാമ്പത്തിക വർഷത്തിൽ ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകിയിരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങൾക്ക് യഥാക്രമം 482.61 കോടി രൂപ, 1384.95 കോടി രൂപ എന്നിങ്ങനെയാണ് ടാർജറ്റ് നിശ്ചയിട്ടുള്ളത്. ഓരോ മാസവും ടാർജറ്റിന് അനുസൃതമായി പിരിവ് പുരോഗതി അവലോകനം ചെയ്ത് പിരിവ് കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർക്ക് നൽകിവരുന്നു. അടിസ്ഥാന ഭൂനികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നികുതിയേതര ഫീസുകളും ചാർജ്ജുകളും 1-4-2018 മുതൽ പ്രാബല്യത്തോടെ അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്ത് നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ യഥാസമയം റിട്ടേൺ ഫയൽ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ചരക്ക്സേവന നികുതി വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഇ-വേ ബില്ലിന്റെ പരിശോധന കാര്യക്ഷമമാക്കുന്നതിനായി സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വാറ്റ് കാലഘട്ടത്തിലെ |

| | | | |
|---|---|---|---|
| | | | നികുതിനിർണ്ണയങ്ങൾ പരമാവധി 2019 മാർച്ച് 31 ഓട്ടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേ യിൽ കിടക്കുന്ന നികുതി കുടിശ്ശികകൾ സ്റ്റേ വെക്കേറ്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി യിൽ പരമാവധി വ്യാപാരികളെ രജിസ്റ്റർ ചെയ്യിച്ച് നികുതി അടിത്തറ വിപുലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ വ്യാപാരി-വ്യവസായികളിൽ എത്ര ശതമാനം പേർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് വ്യാപാര വ്യവസായ സേവന മേഖലകളിൽ നിന്നായി കേന്ദ്ര-സംസ്ഥാന നികുതി അതോറിറ്റികളുടെ മുമ്പാകെ 329028 പേർ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഇത് ഏകദേശം 98.24 ശതമാനം വരും |
| (സി) | ജി.എസ്.ടി. നിലവിൽ വന്നശേഷവും വ്യാപാരികൾ ബില്ല് നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം നടത്തുന്ന പരിശോധന ഈ രംഗത്തെ ക്രമക്കേടുകൾ അവസാനിപ്പിക്കുവാൻ പര്യാപ്തമാണോ. അല്ലെങ്കിൽ പ്രസ്തുത വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഉണ്ട്. ഇത്തരം ബില്ല് നൽകാത്ത വ്യാപാരമേഖലകളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി പരിശോധന കർശനമാക്കാൻ ഇന്റലിജൻസ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ബില്ലുകൾ ശേഖരിച്ച് പരിശോധനാവിധേയമാക്കി വരുന്നു. ഹോട്ടൽ വ്യാപാര മേഖലയിൽ ഇത്തരം പ്രവണത വ്യാപകമാണെന്ന് കണ്ടതിനെത്തുടർന്ന് സംസ്ഥാനത്തൊട്ടാകെ ഇത്തരം വ്യാപാരികളെ രജിസ്റ്റർ ചെയ്യിക്കാനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിച്ച് ചരക്ക് വാഹനപരിശോധന കർശനമാക്കി ഇൻവോയ്സും ഇ-വേ ബില്ലും ഇല്ലാതെ ചരക്കുനീക്കം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം നടപടികൾ നികുതി വെട്ടിപ്പ് തടയാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | 2017-18 സാമ്പത്തിക വർഷം നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരുമാനവും, ലഭിച്ച വരുമാനവും തമ്മിലുള്ള അന്തരം എത്ര കോടി രൂപയായിരുന്നു; നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (ഡി) | ലാൻഡ് റവന്യൂ ഇനത്തിൽ പ്രതീക്ഷിത വരുമാനത്തിൽ 12.05 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. കോടതി, ഗവൺമെന്റ്, അപ്പലേറ്റ് അതോറിറ്റി എന്നിവിടങ്ങളിലെ വിവിധ സ്റ്റേകളിൽ ഉൾപ്പെടുന്നത് ലാൻഡ് റവന്യൂ പിരിവിനെ ബാധിക്കുന്നുണ്ട്.<br>ജി.എസ്.ടി നടപ്പാക്കിയപ്പോൾ നികുതി വരുമാനം20% വർദ്ധിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് ഈ വളർച്ച ഉണ്ടായിട്ടില്ല. എന്നാൽ ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം, 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി ഒരുമാസം 1822 കോടി രൂപ നിരക്കിൽ 16,398 കോടി രൂപയാണ് ജി.എസ്.ടി കോമ്പൻസേഷൻ 2017-18 വർഷം നിശ്ചയിച്ചിരുന്നത്. എന്നാൽ, 12,011.88/- കോടി രൂപയാണ് പിരിച്ചെടുക്കാനായത്. ഈ കുറവ് പരിഹരിക്കുന്നതിനായി ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം ബാക്കി തുക ദ്വൈമാസ കോമ്പൻസേഷനുകളായി സംസ്ഥാനഗവൺമെന്റിന് കേന്ദ്രം നൽകിയിട്ടുണ്ട്.വിശദമായ റിട്ടേണുകൾ ലഭിക്കാത്തതും നികുതി നിരക്കുകളിൽ കുറവ് വരുത്തിയതും പ്രതീക്ഷിത നികുതി വളർച്ച ലഭിക്കാത്തതിന്റെ കാരണമായി വിലയിരുത്തപ്പെടുന്നു. |
| (ഇ) | സംസ്ഥാനത്തുണ്ടായ പ്രളയം നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ. പ്രളയശേഷം ഒക്ടോബർ മാസത്തിൽ റിക്കോർഡ് ജി.എസ്.ടി. വരുമാനം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കാമോ? | (ഇ) | സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന്, ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ റിട്ടേൺ<br>ഫയൽ ചെയ്യുന്നതിനുള്ള സമയം 2018 ഒക്ടോബർ 5, 10 എന്നീ തീയതികളിലേക്ക് നീട്ടുകയുണ്ടായി. ഇതിനുപുറമേ സെപ്റ്റംബർ മാസത്തെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി 2018 ഒക്ടോബർ 20 ആയിരുന്നു. കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിലെ നികുതി റിട്ടേൺ പ്രകാരം അടയ്ക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് അടയ്ക്കുവാനുള്ള കാലാവധിയും 2018 ഒക്ടോബർ മാസത്തിലായിരുന്നു. കൂടുതൽ സ്ക്വാഡുകൾ രൂപീകരിച്ച് ചരക്ക് വാഹന പരിശോധന കർശനമാക്കുകയുണ്ടായി. ഈ പ്രത്യേക സാഹചര്യങ്ങൾ കൊണ്ടാണ് ഒക്ടോബർ |

| | | | |
|---|---|---|---|
| | | | മാസത്തിലെ നികുതിപിരിവിൽ ഗണ്യമായ വർദ്ധനവുണ്ടയത്. കൂടാതെ, ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കിയതിനെ തുടർന്ന് ഐ.ജി.എസ്.ടി ക്രെഡിറ്റുപയോഗിച്ചുള്ള നികുതിയടവിലും പുരോഗതിയുണ്ടായതായി വിലയിരുത്തുന്നു. |

**സെക്ഷൻ ഓഫീസർ**